DHS/7074/2022-EH1

/37600/2023

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി. ഒ , തിരുവനന്തപുരം 695035,

ഫോൺ: 0471-2302490 ഫാക്സ് 0471-2303025/20303080

ഇ-മെയിൽ dhskerala@gmail.comവെബ്സൈറ്റ് www.dhs.kerala.gov.in

---

## <u>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>

വിഷയം : ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ 2023 -ലെ പൊതു സ്ഥലംമാറ്റം കരട് പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം : - 1. സ.ഉ.(പി) നമ്പർ.03/2017/ആ.കു.വ. തീയതി. 25.02.2017.

2. സ.ഉ.(സാധാ) നമ്പർ.215/2023/ആ.കു.വ. തീയതി. 29.01.2023.

3. സ.ഉ.(സാധാ) നമ്പർ.475/2023/ആ.കു.വ. തീയതി. 28.02.2023.

## <u>ഉത്തരവ് നം. ഇ. എച്ച് 1/ 7074/2023/ ആ.വ .ഡ തീയതി - 11-04-2023</u>

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ 2023 -ലെ പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിക്കുകയും SPARKമുഖാന്തിരം പ്രോസസ്സ് ചെയ്ത് ലഭ്യമാക്കിയിട്ടുള്ള കരട് പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

ഇപ്രകാരം പ്രസിദ്ധീകരിക്കുന്ന കരട് പട്ടികകളിന്മേൽ എന്തെങ്കിലും പരാതിയുള്ളവർ 17/04/2023 -ന് മുൻപ് അപ്പീൽ തയ്യാറാക്കി സ്ഥാപനമേധാവി മുഖാന്തിരം അതാത് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ലഭ്യമാക്കേണ്ടതാണ്. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും ഇത്തരത്തിൽ ലഭിക്കുന്ന അപ്പീലുകൾ പരിശോധിച്ച് ഓരോ തസ്തികകളിലേയും അപ്പീലുകൾ പ്രത്യേകം പ്രത്യേകം ക്രോഡീകരിച്ച് 20/04/2023-നു മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതും കൂടാതെ അപ്പീലുകൾ വ്യക്തമായി സ്കാൻ ചെയ്ത് dhsgtr23appeals@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതുമാണ്.

നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) തയ്യാറാക്കിയിരിക്കുന്ന പുതുക്കിയ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് SPARK മുഖാന്തിരം ഈ വർഷം പൊതുസ്ഥലം മാറ്റത്തിനായുള്ള കരട് പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിച്ചിരിക്കുന്നത് ആയതിനാൽ തന്നെ മുൻവർഷങ്ങളിലേതിൽ നിന്നും വ്യത്യസ്തമായി താഴെപ്പറയുന്ന രീതിയിൽ ആയിരിക്കും പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കുന്നത്.

1. ഈ വർഷം "Transfer is not required , if tranferred on administrtive grounds " എന്ന ഓപ്ഷൻ SPARK-ക്കിൽ ലഭ്യമല്ലാതിരുന്നതിനാൽ സ്ഥലംമാറ്റം ആവശ്യമില്ലാത്തവർക്ക് ഭരണപരമായ കാരണങ്ങളാൽ മാറ്റപ്പെടുകയാണെങ്കിൽ സൗകര്യപ്രദമായ സ്ഥാപനങ്ങൾ ഓപ്റ്റ് ചെയ്യുവാൻ കഴിയുമായിരുന്നില്ല. അത്തരത്തിൽ നിർബന്ധപൂർവ്വം സ്ഥലം മാറ്റത്തിനായി ഈ കരട് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നവർക്ക് സൗകര്യപ്രദമായ സ്ഥലംമാറ്റത്തിനായി ജില്ല , സ്ഥാപനങ്ങളുടെ പേര് എന്നിവ മുൻഗണനാക്രമത്തിൽ കൃത്യമായി രേഖപ്പെടുത്തി പട്ടിക തയ്യാറാക്കി അപ്പീലിനോടൊപ്പം സമർപ്പിക്കാവുന്നതാണ്.

2. ഗുരുതരമായ രോഗങ്ങൾ മറ്റു അനുകമ്പാർഹമായ സാഹചര്യങ്ങൾ/ പ്രൊട്ടക്ഷനുകൾ എന്നിവ ലഭിക്കുന്നതിനായുള്ള അപേക്ഷകൾക്കൊപ്പം ആയത് തെളിയിക്കുന്നതിനുള്ള ഒറിജിനൽ രേഖകൾ/സർ ട്ടിഫിക്കറ്റുകൾ (മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്/ 3 മാസത്തിനുള്ളിൽ ലഭ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ (ചികിത്സാ രേഖകൾ ഹാജരാക്കേണ്ടതില്ല) അപ്പീലിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

3 . ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്ന കരട് പട്ടികകളിൽ ചില തസ്തികകളിൽ ഓരോ ജില്ലകളിലേക്കും അനുവദിക്കപ്പെടുന്നവർക്ക് ആനുപാതികമായി ജില്ലകളിൽ നിന്നും പകരം ജീവനക്കാരെ പുറത്തേയ്ക്ക് മാറ്റപ്പെടുന്നില്ല എന്ന് കാണാൻ കഴിയും . ആയതിനാൽ ഇത്തരത്തിൽ അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം നല്കുന്നതിലേക്കായി ജില്ലയിൽ 3 വർഷം പൂർത്തിയാക്കിയ ജീവനക്കാരെ അന്തിമപട്ടികയിൽ ഉൾപ്പെടുത്തി ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലംമാറ്റുന്നതാണ്

ഇത്തരത്തിൽ മൂന്ന് വർഷം പൂർത്തിയാക്കിയതിനാൽ ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലംമാറ്റപ്പെട്ടുവാൻ സാധ്യതയുണ്ട് എന്ന് കാണുന്ന ജീവനക്കാർക്കും മാറ്റപ്പെടുകയാണെങ്കിൽ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി മുൻകൂറായി അപേക്ഷ തയ്യാറാക്കി അപ്പീലിനോടൊപ്പം സമർപ്പിക്കാവുന്നതാണ്.

4. കരട് പട്ടികയിൽ ഉൾപ്പെടാതിരിക്കുകയും പിന്നീട് അന്തിമ പട്ടികയിൽ ഉൾപ്പെടുകയും ചെയ്യുന്ന ജീവനക്കാർക്ക് അപ്പീൽ നൽകുന്നതിന് വീണ്ടും ഒരു അവസരം കൂടി ഉണ്ടായിരിക്കുന്നതാണ്. ആയത് സംബന്ധിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന സമയത്ത് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടാതെ കരട് പട്ടികയിൽ ജീവനക്കാർക്ക് അനുവദിച്ചിരിക്കുന്ന സ്ഥാപനങ്ങൾ അപ്പീൽ കമ്മിറ്റിയുടെ അന്തിമ തീരുമാനത്തിന് വിധേയമായി ആവശ്യമെങ്കിൽ പുനഃ പരിശോധിക്കുന്നതാണ് .

5. ജോലിയുടെ സ്വഭാവത്തിൽ വ്യത്യാസമില്ലാതിരിക്കുന്ന പരസ്പരം മാറാവുന്ന പ്രൊമോഷൻ തസ്തികകളിൽ ഉദാ: Staff Nurse Gr.II & Gr.I, JHI Gr.I & Gr.II, JPHN GR.I & Gr.II , Pharmacist Gr.I & Gr.II, Lab.Tech. Gr.I & Gr. II തുടങ്ങിയവ ) കരട് പട്ടിക പ്രകാരം ജില്ലക്കുള്ളിൽ അനുവദിച്ചിരിക്കുന്ന സ്ഥാപനങ്ങൾ ആരോഗ്യ വകുപ്പ് കാര്യാലയത്തിൽ നിന്നുള്ള അന്തിമ പട്ടിക പ്രസിദ്ധീകരിച്ച ശേഷം ജില്ലാ മെഡിക്കൽ ഓഫീസർമാർ ജില്ലകൾക്കുള്ളിലെ അപേക്ഷകൾ കൂടി പരിഗണിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രസിദ്ധീകരിക്കേണ്ടതാണ് .

ഡോ. റീന കെ ജെ

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ് :-

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും/ ജീവനക്കാർക്കും

പകർപ്പ് :-

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്.സൈറ്റ്